## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **24-06-2024 - ൽ മറുപടിയ്ക്ക്**

## ചാത്തന്നൂരിലെ കിൻഫ്ര വ്യവസായ പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെടുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെടുന്ന 95.47 ഏക്കർ ഭൂമിയിലെ 46.39 ഏക്കർ സ്ഥലം റവന്യൂ രേഖകൾ പ്രകാരം "നിലം" ഇനത്തിൽപ്പെട്ടതായതിനാൽ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമം, 2008 -ന്റെ പരിധിയിൽ നിന്നും മാറ്റികിട്ടുന്നതിനു വേണ്ടി കിൻഫ്ര സമർപ്പിച്ച അപേക്ഷ ചില വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്ന പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ നിരസിച്ചുകൊണ്ട് പകരം മറ്റു ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണെന്ന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി 29-01-2018 ൽ കൂടിയ നടപടി യോഗത്തിൽ തീരുമാനിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഭൂമിയിലെ തണ്ണീർത്തടങ്ങളായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കി വ്യവസായപാർക്ക് ആരംഭിക്കുന്നതിനും തണ്ണീർത്തട ഭൂമി പ്രയോജനപ്പെടുത്തി കാർഷികാധിഷ്ഠിത വികസനവും വിനോദ സഞ്ചാരവികസന പദ്ധതികൾക്കും രൂപം നൽകുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത ഭൂമിയുടെ പകുതിയിലധികം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. തണ്ണീർത്തടങ്ങളായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥലം ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നതു നിമിത്തം, ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>തണ്ണീർത്തട ഭൂമി പ്രയോജനപ്പെടുത്തി കാർഷികാധിഷ്ഠിത വികസനവും വിനോദ സഞ്ചാരവികസന പദ്ധതികൾക്കും രൂപം നൽകുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ